കെ.എസ്.എ കെടിഎം.പി.13/1116/2017 തീയതി -18.07.2017

# കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.09.16 മുതൽ 26.6.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാബുജോസഫ് , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27/6/2017മുതൽ 4/7/2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി അനിതാകുമാരി കെ.എ.<br>ശ്രീ.സുമേഷ് പി.വി.<br>ശ്രീമതി ശ്രീലത ആർ. ബി.<br>ശ്രീ ബാബുരാജ് കെ.ബി. | ഓഡിറ്റ് ഓഫീസർ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ലിസി എബ്രഹാം | 01/4/16 മുതൽ 31/03/17 വരെ |
| സെക്രട്ടറി | ശ്രീ ബിനു ജോൺ | 01/4/16 മുതൽ 31/03/17 വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | മനോജ് ചന്ദ്രൻ | 01/04/16 മുതൽ 31/03/17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ദീപ കൃഷ്ണൻകുട്ടി | 01/04/16 മുതൽ 31/03/17 വരെ |
| കൃഷി ഓഫീസർ | ബിനി ഫിലിപ്പ് | 01/04/16 മുതൽ 31/03/17 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. കെ.എം. വിജിമോൾ | 01/04/16 മുതൽ 31/03/17 വരെ |
| ക്ഷീരവികസന ഓഫീസർ | പി. എസ്. ഉദയകല | 01/04/16 മുതൽ 31/03/17 വരെ |
| വി.ഇ.ഒ | എ. കെ. ഹരികുമാർ<br>ജെസ്സിൽ എ.എച്ച്. | 01/04/16 മുതൽ 31/03/17 വരെ<br>01/04/16 മുതൽ 31/03/17 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ആരിഫ | 01/04/16 മുതൽ 31/03/17 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ. സിജി വർഗ്ഗീസ് | 01/04/16 മുതൽ 31/03/17 വരെ |
| മെഡിക്കൽഓഫീസർ, ആയുർവ്വേദം | ഡോ. സിസി മൈക്കിൾ | 01/04/16 മുതൽ 31/03/17 വരെ |
| മെഡിക്കൽഓഫീസർ, ഹോമിയോ | ഡോ. ഗീത ഡി. | 01/04/16 മുതൽ 31/03/17 വരെ |
| ഹെഡ്മിസ്ട്രസ്സ് | ലീലാമ്മാ ജോസഫ് | 01/04/16 മുതൽ 31/03/17 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | ഭാഗം 1 – പൊതു അവലോകനം |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | തനത് ഫണ്ട് ചെലവുകൾ |
| 1-9 | ക്ഷേമ പദ്ധതികൾ |
| 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 1-11 | ആഭ്യന്തരനിയന്ത്രണം |
| 1-12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 – വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-3 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് |

| | |
|---|---|
| 2-4 | കെട്ടിട നികുതി വലിയ തുക കുടിശ്ശിക |
| 2-5 | കെട്ടിട നിർമ്മാണാനുമതി – രേഖകളുടെ സൂക്ഷിപ്പിലെ പോരായ്മകൾ |
| 2-6 | ഡി & ഒ ട്രേഡ് ലൈസൻസ് – അപാകതകൾ |
| | ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | വിൻഡോ പരസ്യം നൽകിയില്ല |
| 3-2 | വി.ഇ.ഒ.കൂടല്ലൂർ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ |
| 3-3 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ – അപാകതകൾ |
| 3-4 | ഭിന്നശേഷിയുള്ളവർക്ക് ട്രൈസൈക്കിൾ – ലൈസൻസ് ലഭ്യമായില്ല |
| 3-5 | കന്നുകുട്ടി പരിപാലനം – മുൻവർഷങ്ങളിലെ തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല |
| 3-6 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല |
| 3-7(1) | മെഡിക്കൽ ഓഫീസർ (സിഎച്ച്സി) നടപ്പാക്കിയ പ്രോജക്ട് നം.053/2017 – ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടില്ല |
| 3-7(2) | മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പാക്കിയ പ്രോജക്ട് നം.042/2016-17 – ഇൻവോയ്സ് പ്രകാരമുള്ള മരുന്നു മുഴുവനും ലഭ്യമാക്കിയില്ല |
| 3-7(3) | ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ – ഇൻവോയ്സ് പ്രകാരമുള്ള എല്ലാ മരുന്നുകളും ലഭ്യമായില്ല |
| 3-8 | സാമൂഹ്യസുരക്ഷാ പെൻഷൻ |
| 3-9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| | ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിര നിക്ഷേപങ്ങൾ |

| | |
|---|---|
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 27/03/2017 തിയതിയിലെ 1-ാം നംപർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവും യഥാർത്ഥത്തിലുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം(യഥാർത്ഥ വരവ്) | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 3776719 | 5858978.98 | 2082259.98 | |
| വരവ് | 164649150 | 41973727 | | 122675423 |
| ആകെ | 168425869 | 47832705.98 | | 120593163 |
| ചെലവ് | 159282150 | 37737597 | | 121544553 |
| നീക്കിയിരിപ്പ് | 9143719 | 10095108.98 | 951389.98 | |

പ്രതീക്ഷിച്ച വരവിന്റെ നാലിലൊന്ന് പോലും യഥാർത്ഥത്തിൽ ലഭിച്ചില്ല. പ്രതീക്ഷിച്ച ചെലവും യഥാർത്ഥ ചെലവും തമ്മിലും കോടികളുടെ അന്തരമുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി വലിയ തുക ലോൺ പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയതെന്നാണ് ലഭിച്ച മറുപടി. സ്ഥാപനത്തിന്റെ മുൻവർഷ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ മനസ്സിലാക്കി ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രികകൾ 01.06.2017-ന് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 വാർഷിക കണക്ക് ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം അനുബന്ധം 1 ആയി നൽകിയിട്ടുണ്ട്.

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5858978.98 |
| വരവ് | 41973727 |
| ആകെ | 47832705.98 |
| ചെലവ് | 37737597 |
| നീക്കിയിരിപ്പ് | 10095108.98 |

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9218838 | 9218838 | 8833419 | 385419 | 95.8 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2440497 | 2440497 | 2112903 | 327594 | 86.57 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 69474 | 69474 | 0 | 69474 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6204087 | 6204087 | 3316272 | 2887815 | 53 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2891718 | 2891718 | 1093910 | 1797808 | 37.8 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5170028 | 5170028 | 2778611 | 2391417 | 53.7 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3394899 | 3394899 | 1818124 | 1576775 | 53.5 |

എന്നാൽ ഐ.കെ.എം പത്രിക പ്രകാരം വികസനഫണ്ട്(ജനറൽ) അടങ്കൽ 9413720/- ഉം സംരക്ഷണ ഗ്രാന്റ് റോഡ് അടങ്കൽ 6729087/- രൂപയുമാണ്. അപാകത വിശദീകരിക്കപ്പെട്ടില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 139 | 51016901 | 90 | 22978244 | 49 | 64.7 |

2016-17 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 490/2016/DPC/DPO/KTM തീയതി 3.09.2016 പ്രകാരം അംഗീകാരം ലഭിച്ചു.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2012-17) -അവലോകനം

പന്ത്രണ്ടാം പദ്ധതിക്കാലത്തെ വികസനഫണ്ടിന്റെ വർഷം തിരിച്ചുള്ള വരവ്-ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| 2012-13 | 8239608 | 8238488 | 99.9% |
| 2013-14 | 8714120 | 8714120 | 100% |
| 2014-15 | 11048000 | 9722000 | 87.9% |
| 2015-16 | 10613310 | 9710678 | 92% |
| 2016-17 | 11923691 | 10946322 | 92% |

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖപ്രകാരം സമഗ്രവികസനകാഴ്ചപ്പാടിലൂന്നി വിവിധമേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലും മേഖലാമുൻഗണനാക്രമം പാലിക്കുന്നതിലും പഞ്ചായത്ത് വിജയിച്ചിട്ടുണ്ട് എന്നത് (2012-17)കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ വ്യക്തമാക്കുന്നു. പദ്ധതിക്കാലയളവിൽ ഉല്പാദനമേഖലയിൽ ഭക്ഷ്യവിളകളുടെ ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് സമഗ്രനെൽകൃഷിവികസനം, പാടശേഖരങ്ങൾക്ക് റാമ്പ് നിർമ്മാണം, സംരക്ഷണഭിത്തി നിർമ്മാണം, ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തുടങ്ങിയവ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. 2015-16 വർഷം കിടങ്ങൂർ സൗത്ത് പാടശേഖരത്തിന് പവർടില്ലർ വാങ്ങി നൽകിയത് എടുത്തു പറയേണ്ടതാണ്.

മൃഗസംരക്ഷണമേഖലയിൽ പാൽ, മുട്ട എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കന്നുകുട്ടിപരിപാലനം, മുട്ടക്കോഴിവളർത്തൽ തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. തെരുവുനായനിയന്ത്രണപദ്ധതിയ്ക്ക് 2 ലക്ഷം രൂപ (വികസനഫണ്ട്-117500, തനത് ഫണ്ട്-82500) ജില്ലാപഞ്ചായത്ത് പ്രോജക്ടിന്റെ ഭാഗമായി നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു പ്രവർത്തനങ്ങളും നടത്തിയിട്ടില്ല.

സേവനമേഖലയിൽ കൃഷിഭവൻ, മൃഗാശുപത്രി, ഹോമിയോ, ആയുർവേദ ആശുപത്രികൾ, പി.എച്ച്.സി എന്നിവയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിൽ പാലിയേറ്റീവ് കെയർ കാര്യക്ഷമമായി നടത്തിവരുന്നു.

സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതിക്കാലയളവിൽ ഗണ്യമായ തുക ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിനു സമീപമുള്ള എൽ.പി.ബി.സ്കൂളിന് 8 ലക്ഷത്തോളം രൂപ ചെലവഴിച്ച് 2016-17 വർഷം ടോയ്ലറ്റ് സമുച്ചയം നിർമ്മിച്ചുനൽകിയിട്ടുണ്ട്. എയ്ഡഡ് യു.പി.സ്കൂളിന് സാനിട്ടറി സൗകര്യങ്ങൾക്കായി 4 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് നടപ്പാക്കുന്നതിന് പഞ്ചായത്ത് വിഹിതം കൃത്യമായി നൽകി വരുന്നു.

സ്ഥായിയായ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി സ്വയംതൊഴിൽസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. അംഗനശ്രീ ഓട്ടോവിതരണപദ്ധതിപ്രകാരം വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് വിവിധ വർഷങ്ങളിൽ സബ്സിഡി നൽകിയിട്ടുണ്ട്.

പ്രത്യേകപരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിലും ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ഭിന്നശേഷിയുള്ളവരുടെ വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പുകൾ, സഞ്ചാരസൗകര്യത്തിന് ട്രൈസൈക്കിളുകൾ എന്നിവ നടപ്പാക്കിയ പ്രധാന പ്രോജക്ടുകളിൽപ്പെടുന്നു. പദ്ധതിക്കാലയളവിൽ പട്ടികജാതിവിഭാഗങ്ങളുടെ ഉന്നമനത്തിന് പ്രാധാന്യം നൽകി നിരവധി പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ പട്ടികവർഗ്ഗവിഭാഗക്കാരില്ലാത്തതിനാൽ ടി.എസ്.പി ഫണ്ട് ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

<u>പ്രധാനനിരീക്ഷണങ്ങൾ</u>

<u>ക്രിമറ്റോറിയം നിർമ്മാണം - സമഗ്രപദ്ധതി നടപ്പാക്കാൻ സാധിച്ചില്ല</u>

പഞ്ചായത്തിന്റെ പന്ത്രണ്ടാം പദ്ധതിക്കാലയളവിലെ സമഗ്രപദ്ധതിയായിരുന്ന സംസ്ഥാനസർക്കാരിന്റെയും

മുത്തോലി-കടപ്ലാമറ്റം ഗ്രാമപ്പഞ്ചായത്തുകളുടെയും സഹകരണത്തോടെ നടപ്പാക്കാൻ ലക്ഷ്യമിട്ട ആധുനിക ഗ്യാസ് ക്രിമറ്റോറിയം. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള പൊതുശ്മശാനം പരമ്പരാഗതമായ രീതിയിൽ മണ്ണിൽ കുഴിയെടുത്ത് മൃതദേഹങ്ങൾ സംസ്കരിക്കുന്ന രീതിയിലുള്ളതാണ്. ഇത് നവീകരിച്ച് ശാസ്ത്രീയമായ രീതിയിലുള്ള ഗ്യാസ് ക്രിമറ്റോറിയവും അനുബന്ധസൗകര്യങ്ങളും ഒരുക്കുന്നതിന് 2014-15 വർഷത്തിൽ സംസ്ഥാനാവിഷ്കൃതഫണ്ട് 20 ലക്ഷം രൂപ ഉൾപ്പടെ 30 ലക്ഷത്തോളം രൂപ വകയിരുത്തി രൂപീകരിച്ച പ്രോജക്ടിന് ശുചിത്വമിഷന്റെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. എങ്കിലും പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല. തുടർവർഷങ്ങളിൽ ക്രിമറ്റോറിയം നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുൻഗണന നൽകി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ദാരിദ്ര്യലഘൂകരണം, പട്ടികജാതിവികസനം എന്നീ ഗ്രൂപ്പുകൾ ഒറ്റത്തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. മറ്റുള്ളവ 2-3 യോഗങ്ങൾ ചേർന്നിട്ടുണ്ട്.

<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായി

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 5509762 | 8311836 | (+)2802074 |
| നികുതിയേതര വരവുകൾ | 933148 | 1886110 | (+)952962 |
| മറ്റുവരവുകൾ | 5498 | 284374 | (+)278876 |
| ആകെ | 7662312 | 10482320 | |

മുൻ വർഷത്തെ അപേക്ഷിച്ച് തനതുഫണ്ട് വരുമാനത്തിലുണ്ടായ ഗണ്യമായ വർദ്ധനവ് പ്രശംസനീയമാണ്.

## 1-8 തനതു ഫണ്ട് ചെലവുകൾ

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെയും വൗച്ചറുകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. എന്നാൽ പത്രപ്പരസ്യം നൽകുന്നതിൽ നിശ്ചിത വലിപ്പത്തിൽ കൂടുതലുള്ള വിൻഡോ പരസ്യം നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24480 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 1454070 | 176 |
| വിധവാപെൻഷൻ | 4492280 | 467 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 12737985 | 1449 |
| വികലാംഗപെൻഷൻ | 2269760 | 242 |
| അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 369350 | 41 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധ 28/6/2017ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ (7553/- രൂപ) കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുമുണ്ട്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/5/17-11/5/17 | 4/17 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.3.16-13.4.16 | 2011–12 മുതൽ 2015-16 വരെ | LBA(HQ/I1/BA-2426/22 Dt.12/05/2016 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

2016-17 ലെ വാർഷിക കണക്കുകളിലെ അപാകകൾ ചുവടെ ചേർക്കുന്നു.

1)ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്രസോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്ന സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/LSGD .26.7.11)പാലിച്ചിട്ടില്ല.

2)കെട്ടിടനികുതിയിനത്തിലെ ഡിമാന്റ് ,കളക്ഷൻ,ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

3)വാടക, തൊഴിൽ നികുതി, വിനോദനികുതി എന്നിവയുടെ അരിയർ, കറന്റ് കളക്ഷൻ തുകകൾ രജിസ്റ്റർ പ്രകാരമുള്ളത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്ക് പ്രകാരം ട്രേഡേഴ്സ് പ്രൊഫഷൻടാക്സ് കളക്ഷൻ 474880/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ആയത് 468430/- രൂപയാണ്. വിനോദ നികുതിയിനത്തിൽ രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ 28378/- രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ആയത് 29109/- രൂപയാണ്.

4)ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയിക്കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

5)ബി 8 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് വർക്കായി കാണിച്ചിരിക്കുന്ന തുകയുടെയും ബി7 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് റിസീവ്ഡ് ഫ്രം സ്റ്റാഫ് (ഹെഡ് 340300101) എന്നയിനത്തിൽ കാണിച്ചിരിക്കുന്ന തുകയുടെയും കൃത്യത ഉറപ്പുവരുത്താൻ പര്യാപ്തമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

6)സാക്ഷരത ഇനത്തിൽ അക്കൗണ്ടിലെ നീക്കിയിരിപ്പ് 1998 രൂപയാണ്. എന്നാൽ ബി 4 ഷെഡ്യൂളിൽ ലയബിലിറ്റിയായ് ബുക്ക് ചെയ്തിരിക്കുന്നത് 4527/- രൂപയാണ്.

7) ബി18 ഷെഡ്യൂളിൽ തൻവർഷം പ്രോജക്ട് നം.145/17 പ്രകാരം കെഎസ്ഇബി യ്ക്ക് നൽകിയ 7,69,723/- രൂപ ചേർത്തിട്ടില്ല.

## 2-2 തൊഴിൽനികുതി ഈടാക്കിയില്ല

1)അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമായ അരവിന്ദയെ തൊഴിൽനികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

2)ടി.എസ് നമ്പർ 27, 25, 23 എന്നീ അബ്കാരി ഷാപ്പുകളിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

## 2-3 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയ്ക്ക് പഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്ക് ₹30/-യും 100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് ₹50/-യുമാണ്. എന്നാൽ, വാണിജ്യാവശ്യത്തിനു പയോഗിക്കുന്നതും രാജു ഫിലിപ്പ്, പടിക്കമ്യാലിൽ, കിടങ്ങൂർ എന്നയാളുടെ ഉമസ്ഥതയിലുള്ളതുമയാ 157.17 ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിലെ മുറികൾക്ക് 107 എ മുതൽ എച്ച് വരെ വിവിധ നമ്പരുകൾ നൽകി ഓരോന്നിനും പ്രത്യേകം പ്രത്യേകം നികുതി നിർണ്ണയിച്ചത് മൂലം (₹30/-നിരക്കിൽ) ആകെ നികുതിയിൽ കുറവ് ഉണ്ടായിട്ടുണ്ട്.

2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയുംസർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5)പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4ം ചട്ടം 1ം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ.

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫോം 6 പരിഷ്കരിച്ച് നികുതി പുനർ നിർണ്ണയിച്ചതായി മറുപടി നൽകിയിട്ടുണ്ട്. സമാനരീതിയിൽ ഉള്ള അപാകതകൾ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 കെട്ടിടനികുതി വലിയ തുക കുടിശ്ശിക

വാർഷിക കണക്ക് പ്രകാരം വസ്തുനികുതിയിനത്തിൽ 31.03.2017-ൽ പിരിഞ്ഞ് കിട്ടാനുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക(ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | Residential (2016-17) | 555318 |
| 431100102 | Residential (Arrear) | 105308 |
| 431100103 | Non-Residential (2016-17) | 554612 |
| 431100104 | Non-Residential (Arrear) | 1299840 |
| ആകെ | | 2515078 |

ഈ തുകയിൽ 23,89,324/- രൂപ വസ്തുനികുതി കുടിശികയും 1,25,754/- രൂപ ലൈബ്രറി സെസുമാണ്. വസ്തുനികുതി കുടിശിക പൂർണ്ണമായും പിരിച്ചെടുക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണാനുമതി-രേഖകളുടെ സൂക്ഷിപ്പിലെ പോരായ്മകൾ

കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം.സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007 നമ്പർ

സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നത് എങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല. കെട്ടിട നിർമ്മാണ അപേക്ഷയുടെ ഫയലിൽ തന്നെയാണ് പിന്നീട് ഇതുമായി ബന്ധപ്പെട്ട വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ് നൽകൽ,നിർമ്മാണ പൂർത്തീകരണം ,ഒക്യുപ്പൻസി, നികുതിനിർണ്ണയം വരെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. എന്നാൽ നിലവിൽ പെർമിറ്റിനും നമ്പറിംഗിനും വെവ്വേറെ ഫയലുകളാണ് പരിപാലിക്കുന്നത്. അനധികൃത കെട്ടിടനിർമ്മാണം, നികുതി ചോർച്ച എന്നിവ ഒരു പരിധി വരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി രജിസ്റ്ററും ഫയലുകളും പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ഡി & ഒ ട്രേഡ് ലൈസൻസ് - അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെയും വിവരങ്ങളടങ്ങുന്ന ട്രേഡേഴ്സ് രജിസ്റ്റർ പരിപാലിക്കേണ്ടതും, ഡി&ഒ ട്രേഡ് ലൈസൻസില്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് രജിസ്റ്റർ പരിപാലിക്കുന്നുണ്ട് എങ്കിലും ആയത് പുതുതായി ലൈസൻസ് എടുക്കുന്നവരെയും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ ആരംഭിച്ചവരെയും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. രജിസ്റ്റർ പ്രകാരം 445 സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. നിലവിൽ ലൈസൻസോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 384 ആണ്. ഡി&ഒ ട്രേഡ് ലൈസൻസ് ആവശ്യമായ വ്യാപാര/വ്യവസായങ്ങളുടെ വിവരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ ആയ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പട്ടിക 1 ൽ പ്രതിപാദിക്കുന്നുണ്ട്. പട്ടിക1 പ്രകാരം റേഷൻകടകളും ഡി&ഒ ട്രേഡ് ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകൾ പ്രസ്തുത ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര/വ്യവസായ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിൻഡോപരസ്യം നൽകിയില്ല

ദർഘാസ് പരസ്യങ്ങൾ പൂർണരൂപത്തിൽ പ്രസിദ്ധീകരിക്കാതെ അടിസ്ഥാനവിവരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന വിൻഡോ പരസ്യങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച് അവയുടെ പൂർണരൂപം പഞ്ചായത്ത് നോട്ടീസ് ബോർഡിലും വെബ് സൈറ്റിലും ലഭ്യമാക്കിയാൽ മതിയെന്നും പൊതുഭരണ(ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്-ഡി) വകുപ്പിന്റെ ജി.ഒ.(പി) 01/04/ഐ&പി.ആർ./1.1.04 മുഖാന്തിരം നിർദേശിച്ചിരുന്നു. 2016-17ൽ പരസ്യങ്ങളുടെ ചാർജ് ഗ്രാമപഞ്ചായത്തിൽനിന്ന് നൽകിയിട്ടുണ്ട്. പരസ്യങ്ങളുടെ ഉള്ളടക്കം നിർദിഷ്ട വിൻഡോ മാതൃകയിലായിരുന്നുവെങ്കിലും സർക്കാർ ഉത്തരവിൽ നിർദേശിച്ചിരുന്ന വലിപ്പത്തിൽ (3സെ.മീ. x 2കോളം) അല്ലപരസ്യം പ്രസിദ്ധീകരിച്ചത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ദിനപ്പത്രം, തീയതി, പരസ്യം | പരസ്യത്തിന്റെ വലിപ്പം | സർക്കാർ നിർദേശ പ്രകാരം നൽകാവുന്ന വലുപ്പം | പത്രം ഈടാക്കിയ നിരക്ക് | പരസ്യത്തിന് നൽകിയ തുക | സർക്കാർ ഉത്തരവ് പ്രകാരം നൽകാവുന്ന തുക | അധികമായി നൽകിയ തുക | വൗച്ചർ നം. | തീയതി |
|---|---|---|---|---|---|---|---|---|---|
| 1 | മംഗളം 3.6.16 | 8സെ.മീ. x 5സെ.മീ. =40ച.സെ.മീ | 8സെ.മീ. x 3സെ.മീ. (2കോളംx 3സെ.മീ.) 24 | 140 | 5600 | 2288 | 3312 | 21600 196 | 18.6.16 |
| 2 | 26.11.16 | 8സെ.മീ.x 5സെ.മീ. | | 80 | 3200 | 1920 | 1280 | 21600 673 | 7.12.16 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | =40ച.സെ.മീ | | | | | | | |
| 3 | 26.2.17 | 8സെ.മീ.x 5സെ.മീ. =40ച.സെ.മീ | ച.സെ.മീ. | 80 | 3200 | 1920 | 1280 | 21601 037 | 23.3.17 |
| 4 | 5.2.17 | 8സെ.മീ.x 6സെ.മീ. =48ച.സെ.മീ | | 80 | 3840 | 1920 | 1920 | 21601 037 | 23.3.17 |
| 5 | 28.12.16 | 8സെ.മീ. x 5സെ.മീ. =40ച.സെ.മീ | | 80 | 3200 | 1920 | 1280 | 21601 060 | 27.3.17 |
| 6 | 2.9.16 | 8സെ.മീ.x 5സെ.മീ. =40ച.സെ.മീ | | 80 | 3200 | 1920 | 1280 | 21600 474 | 204.16 |

ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6) പഞ്ചായത്ത് അധികൃതർ ആവശ്യപ്പെട്ടിട്ടും പത്രക്കാർ വിൻഡോ പരസ്യം പ്രസിദ്ധീകരിക്കുന്നതിന് വിമുഖത കാണിക്കുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകി. ആയതിനാൽ ഭാവിയിൽ പത്രങ്ങളിൽ പരസ്യം നൽകുമ്പോൾ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകാത്ത വിധത്തിൽ വിൻഡോ പരസ്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 വി.ഇ.ഒ കൂടല്ലൂർ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ

1)പ്രോജക്ട് നമ്പർ-58/17

പ്രോജക്ടിന്റെ പേര്-ഓട്ടോറിക്ഷാ സ്വയം തൊഴിൽ പദ്ധതി(വനിത)

ചെലവ് -80000(വികസനഫണ്ട്)

വൗച്ചർ നമ്പർ -21601097/29.3.17

ജനറൽ വിഭാഗത്തിൽപ്പെട്ട രണ്ട് വനിതകൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങി നൽകുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. കാനറാ ബാങ്ക് രണ്ട് ഗുണഭോക്താക്കൾക്കും ലോൺ അനുമതി നൽകിയതിന്റെ (രണ്ട് ലക്ഷം രൂപ വീതം) കത്ത് ഫയലിലുണ്ട്. 40000 രൂപ വീതം പഞ്ചായത്ത് വിഹിതമായി ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിന് നൽകി. എന്നാൽ ഗുണഭോക്താക്കളിലൊരാളായ ശ്രീമതി കൃഷ്ണജാമോഹൻ ഇളങ്കാരിൽ ഓട്ടോറിക്ഷാ വാങ്ങിയതിന്റെയും, വണ്ടി രജിസ്റ്റർ ചെയ്തതിന്റെയും, ഇൻഷ്വർ ചെയ്തതിന്റെയും രേഖകൾ ലഭ്യമായില്ല. ടിയാരി ഗുണഭോക്തൃവിഹിതം ഒടുക്കുന്നതിൽ കാലതാമസം വരുത്തിയതിനാലാണ് ഓട്ടോറിക്ഷ വാങ്ങുന്നതിൽ താമസം നേരിട്ടതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.3/1.7.17) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയത്. പദ്ധതി പൂർത്തീകരിക്കുന്നതുവരെ ഈ ഇനത്തിലുള്ള 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)പ്രോജക്ട് നമ്പർ-107/17

പ്രോജക്ടിന്റെ പേര്-കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്

ചെലവ് -300000(വികസനഫണ്ട്)

വൗച്ചർ നമ്പർ-21601069/28.3.17

വിവിധ വാർഡുകളിലായി 30 കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം(30x10000). കേറ്ററിംഗ് യൂണിറ്റ്, തയ്യൽ യൂണിറ്റ്, കോഫീ ഹൗസ് യൂണീറ്റ്, അരിക്കച്ചവടം,ആട് വളർത്തൽ , കറി പൗഡർ യൂണിറ്റ് എന്നിങ്ങനെ വിവിധ സ്വയം തൊഴിൽ മേഖലകൾ സൃഷ്ടിക്കുക എന്നതായിരുന്നു വിവിധ ഗ്രൂപ്പുകളുടെ ലക്ഷ്യം. ഗ്രൂപ്പുകൾ തയ്യാറാക്കിയ പ്രോജക്ടുകൾ പ്രകാരമുള്ള ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു.

ഗുണഭോക്തൃവിഹിതം-2500

സബ്സിഡി-10000

ബാങ്ക് ലോൺ-37500

ആകെ മൂലധനം-50000

ഓരോ ഗ്രൂപ്പും 37500/- രൂപ വീതം ബാങ്ക് ലോൺ എടുത്തതിന്റെ രേഖകൾ ലഭ്യമായില്ല. ഗ്രൂപ്പുകൾ സമർപ്പിച്ച പ്രോജക്ടുകൾ പ്രകാരം സ്വയം തൊഴിൽ മേഖലകൾ സൃഷ്ടിച്ചത് സംബന്ധിച്ച പ്രവർത്തന രേഖകൾ, മോണിട്ടറിംഗ് റിപ്പോർട്ട്, സബ്സിഡി കൈമാറിയതിന്റെ രേഖകൾ എന്നിവ ലഭ്യമായില്ല. മുൻവർഷങ്ങളിൽ ലോൺ എടുത്തിട്ടുണ്ടെന്നും ആയതിന്റെ സബ്സിഡിയാണ് നിലവിൽ നൽകിയതെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. ലോൺ ക്രഡിറ്റ് ചെയ്ത പാസ്സ് ബുക്ക്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ - അപാകതകൾ

1)അംഗനശ്രീ ഓട്ടോവിതരണപദ്ധതി-ഗുണഭോക്താവ് ലൈസൻസ് നേടിയിട്ടില്ല

പ്രോജക്ട് നം.69/17

അടങ്കൽ - 180497 വികസനഫണ്ട്(എസ്.സി.പി )

ചെലവ് - 100000

വായ്പാബന്ധിതസ്വയംതൊഴിൽ പദ്ധതിയായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ അംഗനശ്രീ ഓട്ടോവിതരണപദ്ധതി പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് 50000/- രൂപ വീതം ഒരുലക്ഷം രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. (ബിൽ നം.13/17തീയതി29.3.17) ഇതിൽ രാജമ്മ മണി, കല്ലുവേലിൽ എന്ന ഗുണഭോക്താവ് വാഹനം വിതരണം ചെയ്ത സമയത്ത് ലൈസൻസ് നേടിയിരുന്നില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5 തീയതി 01.07.17)മറുപടിയായി നാളിതുവരെ ടിയാൾ ലൈസൻസ് നേടിയിട്ടില്ലെന്നും ലൈസൻസ് നേടുന്ന മുറയ്ക്ക് പകർപ്പ് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസ് നേടാത്ത ഗുണഭോക്താവിന് സബ്സിഡി നൽകിയത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇത് പദ്ധതിപ്പണത്തിന്റെ പാഴ്ച്ചെലവായി കണക്കാക്കി സബ്സിഡിയായി അനുവദിച്ച 50000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)കുടുംബശ്രീസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് -പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രോജക്ട് നം.70/17

അടങ്കൽ- 40000വികസനഫണ്ട്(എസ്.സി.പി)

ചെലവ് -30000

കുടുംബശ്രീസംഘങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി താഴെപ്പറയുന്ന 3 കുടുംബശ്രീ യൂണിറ്റുകൾക്ക് 10000/- രൂപ വീതം അനുവദിച്ച് രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം.10/17 തീയതി 27.03.17)

ആരാധനാ കുടുബശ്രീയൂണിറ്റ് - 10000/- (സോപ്പ്പൗഡർ യൂണിറ്റ്)

അമൃതാ കുടുംബശ്രീ യൂണിറ്റ് - 10000/- (തയ്യൽ യൂണിറ്റ്)

ശ്രീമുരുക കുടുംബശ്രീയൂണിറ്റ് - 10000/- (ആടുവളർത്തൽ)

സബ്സിഡി അനുവദിച്ചിട്ടുണ്ടെങ്കിലും യൂണിറ്റുകൾ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളതിന്റെയോ നിർവ്വണോദ്യോഗസ്ഥൻ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിന്റെയോ യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. തുടർമോണിറ്ററിംഗ് നടത്തിയിട്ടുമില്ല. പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തി വിലയിരുത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 30000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഭിന്നശേഷിയുള്ളവർക്ക് ട്രൈ സൈക്കിൾ-ലൈസൻസ് ലഭ്യമായില്ല.

പ്രോജക്ട് നമ്പർ-116/14

ചെലവ്-194238(വികസനഫണ്ട്)

ബിൽ നമ്പർ 9/17 തീയതി 30.3.17

നിർവ്വഹണോദ്യോഗസ്ഥ-ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഭിന്നശേഷിയുള്ളവർക്ക് ട്രൈ സൈക്കിൾ എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി വികസനഫണ്ടിൽ നിന്നും 194238 രൂപ പിൻവലിച്ച് പുളിമൂട്ടിൽ, കോട്ടയം എന്ന സ്ഥാപനത്തിന് നൽകി. ആകെ മൂന്ന് ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. ആയതിൽ കെ.ആർ അരവിന്ദൻ പുത്തേട്ട് , കെ.പി. സജിദാസ് നന്ദികാട് എന്നീ ഗുണഭോക്താക്കൾ ലൈസൻസ് നേടിയിട്ടില്ല. ലൈസൻസ് എടുക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കാമെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥ നൽകിയ മറുപടി. ലൈസൻസ് നേടാത്തയാൾക്ക് പദ്ധതി ധനസഹായം നൽകിയത് പദ്ധതി ലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനവും പദ്ധതി നടത്തിപ്പിലെ പാഴ്ചെലവുമാണ്. ആയതിനാൽ തുടർ മറുപടി ലഭ്യമാക്കുന്നതിലേക്കായി രണ്ട് ഗുണഭോക്താക്കൾക്ക് നൽകിയ 129492/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 കന്നുകുട്ടിപരിപാലനം - മുൻ വർഷങ്ങളിലെ തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല

26.4.16 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനപ്രകാരം ,കന്നുകുട്ടിപരിപാലനത്തിനായി മുൻവർഷങ്ങളിലായി നൽകിയ ചുവടെ ചേർക്കുന്ന തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലാത്തതാണെന്ന് പരാമർശിച്ചിട്ടുണ്ട്.

| വർഷം | ആകെ നൽകിയ തുക | വിനിയോഗസാക്ഷ്യപത്രം ലഭ്യമായത് | ബാലൻസ് |
|---|---|---|---|
| 2006-07 | 325000 | 184635 | 140365 |
| 2008-09 | 325000 | 300593 | 24407 |
| 2009-10 | 562500 | 548888 | 13612 |
| 2011-12 | 562500 | 542897 | 19603 |
| | | ആകെ | 197987 |

ചെലവഴിക്കാത്ത 197987/- രൂപ അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം പക്കൽ നിന്നും തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിൽ തിരികെ അടക്കേണ്ടതാണ്.

കന്നുകുട്ടിപരിപാലനത്തിനായി തൻവർഷം 100 കിടാരികളെ എൻട്രോൾ ചെയ്തിട്ടുണ്ട്. പ്രോജക്ട് നമ്പർ 55/14 പ്രകാരം വികസനഫണ്ടിൽ നിന്നും പിൻവലിച്ച ടി തുകയുടെ വിനിയോഗസാക്ഷ്യപത്രം പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-6 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

ചുവടെ ചേർക്കുന്ന ചെലവു തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് തുക/ഫണ്ട് | വൗച്ചർ നമ്പർ/ഡി.ഡി നമ്പർ/ബിൽ നമ്പർ<br>തുക സ്വീകരിച്ച ഓഫീസ് |
|---|---|---|---|---|
| 1 | 126/17,ഒന്നാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | സെക്രട്ടറി | 37321<br>9870<br>വികസനഫണ്ട് | 21600933/31.1.17<br>21601099/31.3.17<br>അസി.എഞ്ചിനീയർ,കെ.എസ്.ഇ.ബി കിടങ്ങൂർ |

| | | | | |
|---|---|---|---|---|
| 2 | 145/17,വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | സെക്രട്ടറി | 769723<br>വികസനഫണ്ട് | 21601137/31.3.17<br>അസി.എഞ്ചിനീയർ,കെ.എസ്.ഇ.ബി കിടങ്ങൂർ |
| 3 | 111/17 എസ്.എസ്.എ വിഹിതം | ഹെഡ്മിസ്ട്രസ്സ് | 39092(വികസനഫണ്ട്)<br>360908(തനത് ഫണ്ട്) | 1/17 തീയതി 23.2.17<br>ചെക്ക് നമ്പർ 8647410/15.2.17 |
| | | ആകെ | 1216914 | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ 1216914/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 (1) മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) നടപ്പാക്കിയ പ്രൊജക്ട് നം. 053/2017 -ഇൻവോയിസ് പ്രകാരമുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

അടങ്കൽ - 5,41,600- (വികസന ഫണ്ട്(ജന):₹496600/-,തനത് ഫണ്ട്: ₹45000/-)

ചെലവ് - 4,93,238 (ബിൽ നം. 02/16-17 തി.28.10.16-₹40647, ബിൽ നം. 04/16-17 തി.16.01.17-₹66326, ബിൽ നം. 05/16-17 തി.28.02.17- ₹98709, ബിൽ നം. 06/16-17 തി.08.03.17-₹88821, ബിൽ നം. 07/16-17 തി.22.03.17-₹71379, ബിൽ നം. 08/16-17 തി.25.03.17- ₹127356)

ബിൽ നം.06 പ്രകാരം പിൻവലിച്ച ₹88821/-യിൽ ₹ 43987/- കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുടല്ലൂർ നടപ്പാക്കിയ പാലിയേറ്റീവ് പരിചരണ പദ്ധതി (സാന്ത്വനം) ക്കായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ,തൈക്കാടിന് NEFT/RTGSവഴി 08.03.2017 ൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ, നാളിതുവരെ KMSC മെഡിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല.കിടപ്പ് രോഗികളുടെ പരിചരണം ലക്ഷ്യമിട്ടുള്ള പദ്ധതിയെ ദോഷകരമായി ബാധിക്കുമെന്നതിനാൽ KMSC യുമായി ബന്ധപ്പെട്ട് പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാകുന്നതുവരെ, ഈയിനത്തിലുണ്ടായ ₹ 43987/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 (2) മെഡിക്കൽ ഓഫീസർ ( ഹോമിയോ) നടപ്പാക്കിയ പ്രൊജക്ട് നം.042/2016-17 -ഇൻവോയിസ് പ്രകാരമുള്ള മരുന്നു മുഴുവനും ലഭ്യമാക്കിയില്ല.

അടങ്കൽ - 1,50,000- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

ചെലവ് - 1,50,000- (ബിൽ നം. 01/16-17 തീ.26.11.2016)

ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുന്നതിന് ₹1,50,000/- ആലപ്പുഴയിലെ സംസ്ഥാന ഹോമിയോപ്പതി സഹകരണ ഫാർമസിക്ക് 29.11.2016 ലെ ഡി.ഡി നം.295219 പ്രകാരം കൈമാറുകയുണ്ടായി. അതിൽ ₹ 98135/-യുടെ മരുന്നുകൾ 12.05.2017 തിയതിയിലെ ഇൻവോയിസ് നം എൽ.എഫ്-76 പ്രകാരം ലഭ്യമായിട്ടുണ്ട്.

അവശേഷിക്കുന്ന ₹51865/-യുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ ₹ 51865/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 (3) ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ--ഇൻവോയിസ് പ്രകാരമുള്ള എല്ലാ മരുന്നുകളും ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥ-മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം)

പ്രൊജക്ട് നം- 043/2017

അടങ്കൽ - 5,00,000- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

ചെലവ് - 5,00,000 (ബിൽ നം. 01/16-17 തീ.20.01.17)

ഗവ.ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് ₹5,00,000/-ഡി.ഡി നം. 295549 തീയതി 20.01.2017 പ്രകാരം ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ താഴെ രേഖപ്പെടുത്തിയിട്ടുള്ളതിൻ പ്രകാരം ₹ 3,16,118/-യുടെ മരുന്നുകൾ മാത്രമാണ് ഔഷധിയിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടുള്ളത്.

| ക്രമ നം | ഇൻഡന്റ് നം | തീയതി | തുക |
|---|---|---|---|
| 1 | 2251/16-17 | 28.02.2017 | 125632 |
| 2 | 2410/16-17 | 17.03.2017 | 196486 |

02/12/16 തിയതിയിലെ ഇൻവോയിസ് നം. 1132 പ്രകാരമുള്ള 81 ഇനം മരുന്നുകളിൽ ₹1,83,882/-യുടെ 29 ഇനം മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല. ഔഷധിയുമായി ബന്ധപ്പെട്ട് മരുന്ന് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ ₹1,83,882/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 സാമൂഹ്യസുരക്ഷാ പെൻഷൻ

തൻവർഷം പഞ്ചായത്തിൽ ലഭിച്ചതും, തീർപ്പു കല്പിയ്ക്കപ്പെട്ടതുമായ സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പെൻഷൻ | ലഭിച്ച അപേക്ഷകളുടെ വിവരം | തീർപ്പാക്കിയത് |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 470 | 459 |
| വിധവാ പെൻഷൻ | 40 | 38 |
| വികലാംഗപെൻഷൻ | 10 | 10 |
| കർഷകതൊഴിലാളിപെൻഷൻ | 3 | 2 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 3 | 3 |

വാർദ്ധക്യകാല പെൻഷൻ അപേക്ഷകളിൽ തീർപ്പാക്കാനുള്ളവയിൽ 5 എണ്ണം പുന: പരിശോധനയ്ക്ക് നൽകുകയും, 3 എണ്ണം അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകുകയും, 3 എണ്ണം മതിയായ രേഖകൾ ഹാജരാക്കാത്തതിനാൽ അവ ലഭ്യമാക്കുന്നതിനായി കത്തയയ്ക്കുകയും ചെയ്തു.

## 3-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2016-17 സാമ്പത്തിക വർഷം 2521 പേർക്ക് തൊഴിൽ കാർഡ് നല്കി, 627 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ലേബർ ബഡ്ജറ്റ് പ്രകാരം തൻവർഷം 20240 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടി 170 പദ്ധതികൾ വിഭാവനം ചെയ്യുകയും, 170 എണ്ണത്തിന് സാങ്കേതികാനുമതി ലഭിയ്ക്കുകയും, 105പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തു. ശരാശരി 16990 തൊഴിൽദിനങ്ങൾ സൃഷ്ടിയ്ക്കപ്പെട്ടു. 1 കുടുംബത്തിന് മാത്രം 100 തൊഴിൽദിനങ്ങൾ നല്കാൻ കഴിഞ്ഞു. 52 കുടുംബങ്ങൾക്ക് 50 ൽ താഴെ തൊഴിൽദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞു. തരിശുവയലുകൾ കൃഷിയോഗ്യമാക്കൽ, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, നീർക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, ഐ.എ.വൈ ഭവന നിർമ്മാണം,റോഡിന്റെ വശങ്ങളിൽ മരം വെച്ചുപിടിപ്പിയ്ക്കൽ, ജലനിർഗ്ഗമന ചാലുകളുടെ പുനരുദ്ധാരണം, കിളച്ചൊരുക്കൽ, റബ്ബർ പ്ലാറ്റ് ഫോം തടമെടുക്കൽ എന്നീ പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്.

തൻവർഷത്തെ വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1090 |
| വരവ്(ഇ.എഫ്.എം.എസ് ഉൾപ്പെടെ) | 513187+7421536 |

| | |
|---|---|
| ആകെ | 7935813 |
| ചെലവ് | 7934376 |
| നീക്കിയിരിപ്പ് | 1437 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 16-17 | 100000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 16-17 | 150800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 800 |
| ജില്ലാ പഞ്ചായത്ത് | 16-17 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 47191 | 126/17,ഒന്നാം വാർഡിൽ ലൈൻ എക്സ്റ്റൻഷൻ | 47191 | 0 |
| കെ.എസ്.ഇ.ബി | 769723 | 145/17,വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 769723 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

### 4-4. വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത് | തൻവർഷം തിരിച്ചടച്ച തുക(മുതൽ) | ബാലൻസ് |
|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ(എം.എസ്) 823/10/lsgd 11.3.10 | 8690000 | 2587520 | 883778 | 1703742 |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500000 |
| തൻവർഷം നിക്ഷേപിച്ച തുക | 41216(പലിശ) |
| ആകെ | 541216 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന | 541216 |

| | |
|---|---|
| സ്ഥിരനിക്ഷേപം | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നമ്പർ 4675401000085/3തീയതി 10.6.15, കാനറാ ബാങ്ക് , കിടങ്ങൂർ | 541216 |
| ആകെ | 541216 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 07-08 | 3-3 | 2010-11 | 5-3-6(1) | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ളക്സ് ഭൂമി വാങ്ങിയെങ്കിലും ലക്ഷ്യം കൈവരിച്ചില്ല. | ഷോപ്പിംഗ് കോംപ്ളക്സ് ആരംഭിക്കുവാനുള്ള ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ട്. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41973727 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37737597 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2046140 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(1) | 40000 | ശ്രീ.ജസ്സിൽ എ.എച്ച്., വി.ഇ.ഒ., കൂടല്ലൂർ |
| 3-2(2) | 300000 | ശ്രീ.ജസ്സിൽ എ.എച്ച്., വി.ഇ.ഒ., കൂടല്ലൂർ |
| 3-3(1) | 50000 | ശ്രീ.മനോജ് ചന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3(2) | 30000 | ശ്രീ.മനോജ് ചന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 129492 | ശ്രീമതി ആരിഫ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-6(1) (2) | 816914 | ശ്രീ.ബിനു ജോൺ, സെക്രട്ടറി |
| 3-6 (3) | 400000 | ശ്രീമതി ലീലാമ്മ ജോസഫ്, ഹെഡ്മിസ്ട്രസ് |
| 3-7 (1) | 43987 | ഡോ.സിജി വർഗ്ഗീസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-7 (2) | 51865 | ഡോ.ഗീതാ ഡി., മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-7 (3) | 183882 | ഡോ.സിസി മൈക്കിൾ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ആകെ | 2046140 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98(ചെലവ്) | എൽ.എഫ്.കെ.പി2/827/99 3 9.99 |
| 1997-98 | എൽ.എഫ്.കെ.പി12/1663/13 അദാ 31 5.14 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി1/960/13 അദാ/സി1/11(5) 22 8.11 |

| | |
|---|---|
| 2006-07 | എൽ.എഫ്.കെ.പി12/1651/13 13 2.14 |
| 2007-08 | എൽ.എഫ്.കെ.പി12/1725/15 1 1.16/11.1.16 |
| 2008-09 | കെ.എസ്.എ കെടിഎംപി12/434/16 8. 4.16/13.4.16 |
| 2009-10 | എൽ.എഫ്.കെ.പി12/240/16 16. 7.16/23.3.16 |
| 2010-11 | എൽ.എഫ്.കെ.പി12/468/16 16. 4.16 |
| 2011-12 | എൽ.എഫ്.കെ.പി12/1318/14 19. 3.15/14.4.15 |
| 2012-13 | എൽ.എഫ്.കെ.പി12/1318/14 19. 3.15/14.4.15 |
| 2013-14 | എൽ.എഫ്.കെ.പി12/258/15 4. 1.16/11.1.16 |
| 2014-15 | കെ.എസ് എ കെടിഎം.പി.12/693/16 3.6.16 |
| 2015-16 | കെ.എസ് എ കെടിഎം.പി.12/1508/16 3.11.16 |

റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി.13/1116/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 18.07.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-)ം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം